# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3513 12.12.2014-ൽ മറുപടിയ്ക്ക്

**തെരുവ് നായ്ക്കളുടെ നിർമ്മാർജ്ജനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ചെന്താമരാക്ഷൻ | ശ്രീ.കെ.പി.മോഹനൻ (കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് തെരുവ് നായ്ക്കളെ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള എന്തെല്ലാം പ്രവർത്തനങ്ങളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ ; | എ) സംസ്ഥാനത്ത് നിലവിൽ തെരുവ് നായ്ക്കളുടെ വംശവർദ്ധനവ് തടയുന്നതിന് ആനിമൽ ബർത്ത് കൺട്രോൾ പദ്ധതി വിവിധ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ വഴി നടപ്പിലാക്കി വരുന്നു. മൃഗസംരക്ഷണവകുപ്പിന്റെ മൃഗാശുപത്രികളിലെ സൗകര്യം ഇതിനായി പ്രയോജനപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ കേരള സസ്റ്റയിനബിൾ അർബൻ ഡവലപ്മെന്റ് പ്രോജക്റ്റ്, ശ്രീ.സത്യസായി ഓർഫനേജ് ട്രസ്റ്റ് എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ ഒരു പൈലറ്റ് പ്രോജക്റ്റ് തിരുവനന്തപുരം ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ സെപ്റ്റംബർ 2014 മുതൽ നടന്നു വരുന്നു. |
| ബി) അനിമൽ ബർത്ത് കൺട്രോൾ പ്രോജക്റ്റിന്റെ പ്രവർത്തനം സംസ്ഥാനത്ത് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ? | ബി) അനിമൽ ബർത്ത് കൺട്രോൾ പ്രോജക്റ്റ് നടപ്പിലാക്കുന്നത് തദ്ദേശസ്വയംഭരണ വകുപ്പിന്റെ ചുമതലയിലാണ്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു. |

Seela

സെക്ഷൻ ഓഫീസർ